## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം 01-10-2018- ലെ OP (KAT)174/2017 കേസിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.സി1/2109/2019/കോ.വി.വ.(1) തീയതി 07/02/2020

---

പരാമർശം:- 1. 06-09-2019 തീയതിയിലെ സി2/4248/2017/കോ.വി.വ നമ്പർ ഉത്തരവ്
2. 16-02-2019- ലെ സി1/35156/16/കോ.വി.വ നമ്പർ ഉത്തരവ്.
3. 24-06-2019- ലെ സി1/2109/19/കോ.വി.വ നമ്പർ ഉത്തരവ്.
4. 14-01-2020- ൽ നടന്ന DPC (Lower) യോഗത്തിലെ മിനിറ്റ്സ്.
5. നോട്ടിഫിക്കേഷൻ നമ്പർ C1/63851/19/Coll.Edn തീയതി 25-01-2020.
6. സ.ഉ (സാധാ) നം. 212/2020/ഉ.വി.വ തീയതി 04/02/2020
7. 05/04/2019 -ലെ നോട്ടിഫിക്കേഷൻ നം.സി 1/63851/2019/കോ.വി.വ.

## ഉത്തരവ്

കാസറഗോഡ് ഗവൺമെന്റ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ആയിരുന്ന (നിലവിൽ ജൂനിയർ സൂപ്രണ്ട്) ശ്രീ. മധുസൂദനൻ.എം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP (KAT) 174/2017 കേസിലെ 01-10-2018- ലെ വിധിന്യായം പ്രകാരം ടിയാന് അർഹതപ്പെട്ട സീനിയോറിറ്റിയും പ്രൊമോഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാന് 06-03-2018- ലെ ഉത്തരവ് നമ്പർ സി1/35156/16/കോ.വി.വ പ്രകാരമുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 22 ശ്രീമതി. വിദ്യാ.വി.ടി യ്ക്കും, ക്രമനമ്പർ 23 ശ്രീമതി. ആശാ സാബുവിനും മദ്ധ്യേ 22 (a) ആയി സ്ഥാനം നൽകുകയും ടിയാന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീമതി.ആശാ സാബുവിന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ 15-07-2016 തീയതി പ്രാബല്യത്തിൽ 25-11-10 തീയതിയിലെ സ.ഉ (പി) നം.629/10/ധന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സാമ്പത്തികാനുകൂല്യങ്ങൾക്ക് മുൻകാല പ്രാബല്യത്തിന് അർഹതയില്ലാതെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് നോഷണൽ ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചും ഉത്തരവായിരുന്നു.

1862726

GOVERNMENT OF KERALA

പരാമർശം (2) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ മുൻഗണനാ പട്ടികയിൽ ശ്രീമതി. വിദ്യ.വി.ടി ക്രമ നം.3 ഉം, ശ്രീമതി. ആശാ സാബു ക്രമ നം.4 ഉം ആണ്. ശ്രീമതി. ആശാ സാബുവിന് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ.മധുസുദനൻ എം -ന് സീനിയർ സൂപ്രണ്ടായി മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ടി വിഷയം 14/01/2020 -ൽ നടന്ന ഡി.പി.സി. (ലോവർ) യോഗത്തിൽ ചർച്ച ചെയ്യുകയും കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.മധുസൂദനൻ.എം നെ 01-10-2018 - ലെ OP(KAT)174/2017 കേസിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (7) പ്രകാരം വിജ്ഞാപനം ചെയ്ത 2019 -ലെ ഡി.പി.സി. (ലോവർ) സെലക്റ്റ് ലിസ്റ്റിൽ ശ്രീമതി.വിദ്യാ.വി.ടി യ്ക്കും ശ്രീമതി.ആശാ സാബുവിനും ഇടയിൽ ക്രമ നം. 3 (a) ആയി സ്ഥാനം നൽകി സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകുവാനും, പരാമർശം (4) പ്രകാരമുള്ള യോഗത്തിൽ തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം ശ്രീ. മധുസൂദനൻ.എം.നെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെലക്ട് ലിസ്റ്റ് പരാമർശം (5) വിജ്ഞാപനം ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ, ശ്രീ.മധുസൂദനൻ.എം.നെ 36600-79200 രൂപ (Pre-revised 18740– 33680 രൂപ) ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടായി ടിയാന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീമതി. ആശാസാബു സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 29/06/2019 എഫ്.എൻ. തീയതി പ്രാബല്യത്തിൽ back arrears ഇല്ലാതെ നോഷണലായി സ്ഥാനക്കയറ്റം നൽകി പരാമർശം (6) പ്രകാരം മലപ്പുറം ഗവൺമെന്റ് കോളേജിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. സുജ എം., പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ അന്യത്ര സേവനത്തിൽ നിയമിക്കപ്പെട്ടതിനാൽ ഉണ്ടായ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥലമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള താങ്കൾ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.മധുസൂദനൻ എം ഡിക്ലറേഷൻ ഫോറം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in -ൽ ലഭ്യമാണ്.

ഒപ്പ്/-
വി. വിഗ്നേശ്വരി ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ.മധുസൂദനൻ.എം
ജൂനിയർ സൂപ്രണ്ട്
കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം

പകർപ്പ്:

1) System Manager (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2) പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
3) Accountant General (A & E), Kerala, Kottayam (ആമുഖ കത്ത് സഹിതം)
4) സി. സെക്ഷൻ
5) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം/എറണാകുളം (ആമുഖ കത്ത് സഹിതം)
6) കരുതൽ ഫയൽ/ നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 3/2/20

1862709